(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഓൺലൈൻ പഠനത്തിന് നെറ്റ്‌വർക്കിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഐ.ടി. വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ മാസത്തിൽ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ ടവറുകൾ സ്ഥാപിച്ചും പ്രസരണശേഷി വർദ്ധിപ്പിച്ചും നെറ്റ് ലഭ്യമാക്കുന്നതിന് സർവ്വീസ് ദാതാക്കൾ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ലോക്കൽ കേബിൾ നെറ്റ്‌വർക്ക് ഓപ്പറേറ്റർമാരുടെ സഹകരണത്തോടെയും നെറ്റ്‌വർക്കിന്റെ കുറവ് പരിഹരിച്ചുവരുന്നുണ്ട്.

**മലപ്പുറം ജില്ലയിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം**

187 (797) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത ജില്ലയിൽത്തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽനിന്ന് 75,554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. പ്രവേശന നടപടികൾ ആരംഭിക്കുന്നമുറയ്ക്ക് ഉപരിപഠനത്തിന് അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പഠനത്തിനുള്ള അവസരം ലഭ്യമാക്കുന്നതാണ്.

(ബി) ജില്ലയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ വിദ്യാഭ്യാസം എന്നീ വിഭാഗങ്ങളിലെ കോഴ്സുകളിൽ എത്ര സീറ്റുകൾ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ നിലവിലുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ജില്ലയിലെ സീറ്റുകൾ തരംതിരിച്ച് ചുവടെ ചേർക്കുന്നു :

<u>ഹയർ സെക്കണ്ടറി മേഖല:</u>

| | |
|---|---|
| സർക്കാർ | - 22,600 |
| എയ്ഡഡ് | - 19,350 |
| അൺ എയ്ഡഡ് | - 11,275 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല:

സർക്കാർ - 2,580

എയ്ഡഡ് - 210

പോളിടെക്നിക്കുകൾ:

സർക്കാർ - 1,000

എയ്ഡഡ് - 360

അൺ എയ്ഡഡ് - 750

ഐ.ടി.ഐ. കൾ:

സർക്കാർ - 1,124

അൺ എയ്ഡഡ് - 4,856

**മലപ്പുറം ജില്ലയിൽ കൂടുതൽ പ്ലസ് ടു സീറ്റുകൾ**

188(798) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വിശിഷ്യാ മലപ്പുറം ജില്ലയിൽ പ്ലസ് ടു പഠനത്തിന് മതിയായ സീറ്റുകളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും അധിക ബാച്ചുകൾ അനുവദിക്കുമോ?

ഇതുസംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) എസ്.എസ്.എൽ.സി. വിജയിച്ച എല്ലാവർക്കും തുടർപഠനം സാധ്യമാകുന്നവിധം സർക്കാർ, എയ്ഡഡ് മേഖലയിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുമോ എന്നറിയിക്കാമോ?

ഹയർ സെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഐ.ടി.ഐ., മറ്റ് സമാന കോഴ്സുകൾ എന്നിവയ്ക്കും സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇതുസംബന്ധിച്ച വിശദാംശം ശേഖരിച്ചുവരുന്നു.